ക്രമപ്രശ്നം

## വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള കാലതാമസം

ശ്രീ. എം. ഉമ്മർ: സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തുവച്ച സ്വയംഭരണ സ്ഥാപനങ്ങൾ, ഭരണഘടനാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡ് എന്നിവയുടെ ഭരണ റിപ്പോർട്ടും വാർഷിക റിപ്പോർട്ടും വർഷങ്ങൾക്കു മുമ്പുള്ളതാണ്. ഉദാഹരണത്തിന് കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ആന്വൽ റിപ്പോർട്ട് 2007–2008, 2010 –2011 എന്നീ വർഷങ്ങളിലേതാണ്. അതുപോലെ കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ റിപ്പോർട്ട് 2011–2012–ലേതും കേരള പി.എസ്.സി.-യുടെ ഭരണഘടനാ റിപ്പോർട്ട് 2006–2007–ലേതും കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ റിപ്പോർട്ട് 2009–2010–ലേതും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ റിപ്പോർട്ട് 2007–2008–ലേതുമാണ്. വർഷങ്ങൾക്കുമുമ്പുള്ള ഇത്തരം റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ച് അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതുകൊണ്ട് ഉദ്ദേശിച്ച ഫലം ഉണ്ടാകുന്നില്ല. ഈ സ്ഥാപനങ്ങൾക്കെല്ലാം നിയമസഭയോട് അക്കൗണ്ടബിലിറ്റി ഉള്ളതാണ്. അത് പൂർണ്ണമായും നിറവേറ്റണമെങ്കിൽ റിപ്പോർട്ട് യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും അത് അംഗങ്ങൾക്ക് ലഭ്യമാകുകയും ചെയ്യേണ്ടതാണ്. ഇത്തരം റിപ്പോർട്ടുകളിന്മേലുള്ള അപാകതകളും പോരായ്മകളും യഥാസമയം ചൂണ്ടിക്കാണിക്കുന്നതിനുള്ള അംഗങ്ങളുടെ അവസരമാണ് ഇതുമൂലം നഷ്ടമാകുന്നത്. ഇത്തരം റിപ്പോർട്ടുകളിന്മേൽ സൂക്ഷ്മ പരിശോധന

നടത്തുമ്പോൾ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഈ കാലതാമസം തടസ്സമാകും. ചട്ടങ്ങളും റെഗുലേഷനുകളും സ്കീമുകളും പുറപ്പെടുവിച്ചുകഴിഞ്ഞാൽ തൊട്ടടുത്തുവരുന്ന സമ്മേളനത്തിന് അവ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നുള്ള വ്യവസ്ഥയുണ്ട്. എന്നാൽ ഓഡിറ്റഡ് ഭരണ റിപ്പോർട്ടുകൾ നിയമസഭയിൽ ഏത് കാലാവധിക്കുള്ളിൽ സമർപ്പിക്കണമെന്ന് വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതായി കാണുന്നില്ല. സാധാരണ ഗതിയിൽ ഒരു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അടുത്ത ധനകാര്യവർഷം അവസാനിക്കുന്നതിന് മുമ്പെങ്കിലും പൂർത്തീകരിക്കേണ്ടതുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു വ്യക്തത വരുത്തേണ്ടത് അനിവാര്യമായിരിക്കുന്നു. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഡിലേ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന കാര്യത്തിൽ ധനകാര്യവകുപ്പ് 23-12-2013 -ന് 105/2013 നമ്പറായി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽ പെർഫോമയും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. അതുപ്രകാരമുള്ള പെർഫോമ പരിശോധിച്ചാൽ ചില കേസ്സുകളിൽ നാലുവർഷത്തെ ഓഡിറ്റ് ഒരുമിച്ച് പൂർത്തിയാക്കിയതായി കാണാവുന്നതാണ്. ഉദാഹരണത്തിന് കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ 2007-2008 മുതൽ 2010-2011 വരെയുള്ള അക്കൗണ്ടുകൾ 2013-ലാണ് ഓഡിറ്റ് ചെയ്തിരിക്കുന്നത്. ഒരു ദശാബ്ദത്തിലേറെയായി ഓഡിറ്റ് പൂർത്തീകരിക്കാത്ത സ്ഥാപനങ്ങളുണ്ട്. ഇവയുടെ ഓഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മുന്നിൽ എപ്പോഴാണ് വരുന്നതെന്ന കാര്യത്തിൽ ആശങ്കയുണ്ട്. ഈ സാഹചര്യത്തിൽ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് പരമാവധി കാലപരിധി നിശ്ചയിക്കു

ന്നതിനും അങ്ങനെ നിശ്ചയിക്കുന്ന കാലപരിധി പാലിക്കപ്പെടുന്നുണ്ടോ എന്നുള്ള കാര്യം ഉറപ്പു വരുത്തുന്നതിനും സഹായകരമായ ഒരു റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഏതെങ്കിലും മന്ത്രിമാർക്ക് ഇതിനെ സംബന്ധിച്ച് സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാവുന്നതാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ റിപ്പോർട്ടിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. 2011–12 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഓഡിറ്റിനായി 14 ജില്ലകളിലെ രസീതുകൾ പരിശോധിച്ച് ക്രോഡീകരിച്ചു വരേണ്ടതാണ്. 2012–13–ലെ ഓഡിറ്റ് ചെയ്ത വാർഷിക റിപ്പോർട്ട് ബോർഡ് അംഗീകരിച്ചിട്ടുണ്ട്. അത് ഗവൺമെന്റിലേക്ക് സമർപ്പിക്കുന്നു. 2013–2014–ലെ റിപ്പോർട്ട് മാത്രമാണ് ആണ് അവശേഷിക്കുന്നത്. അതിന്റെ ഓഡിറ്റ് ആരംഭിച്ചിട്ടുണ്ട്. പൂർത്തീകരിക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണ്. ഓഡിറ്റിന് എടുക്കുന്ന കാലതാമസം മാത്രമാണ് കർഷകത്തൊഴിലാളിക്ഷേമനിധി ബോർഡിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മേഹനൻ) : സർ, കൃഷിയും മൃഗസംരക്ഷണവും വകുപ്പിന്റെ പരിധിയിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ വയ്ക്കുന്നതിൽ കുറച്ച് കാലതാമസം ഉണ്ടായത് കേരള ലൈവ് സ്റ്റോക്ക് ബോർഡിനാണ്. അതിന്റെ കാരണം, അക്കൗണ്ടന്റ് ജനറലിനെ സമീപിച്ച്

2006–2007 വർഷം പുതിയ ഓഡിറ്റേഴ്സിനെ നിയമിക്കേണ്ടതായി വന്നു. തന്മൂലം തുടർന്നുണ്ടായ വർഷങ്ങളിലെ ഓഡിറ്റും പൂർത്തിയാക്കുവാൻ കാലതാമസമുണ്ടായി. ഓഡിറ്റ് നടപടിക്രമങ്ങളിൽ കമ്പനിക്ക് ചില പിഴവുകൾ സംഭവിച്ചതുമൂലം വീണ്ടും ഓഡിറ്റ് നടത്തുവാൻ അക്കൗണ്ട് ജനറൽ നിർദ്ദേശിക്കുകയുണ്ടായി. ഈ കാരണങ്ങൾകൊണ്ടാണ് 2006–2007 മുതൽ 2010–2011 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ ഒരുമിച്ച് നിയമസഭയ്ക്ക് സമർപ്പിച്ചത്. ഈ നാലുവർഷങ്ങളിലും ഒരേ ഓഡിറ്റേഴ്സ്തന്നെ ആയതു കൊണ്ടാണ് ഓഡിറ്റിംഗ് ഒരുമിച്ച് പൂർത്തിയാക്കുവാനും കഴിഞ്ഞത്.

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ 2011–2012 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളുടെ ഓഡിറ്റ് പൂർത്തിയാക്കി യിട്ടുണ്ട്. അത് ധനകാര്യ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. 2012–2013 വരെയുള്ള വാർഷിക കണക്കുകളുടെ ഓഡിറ്റ് നിലവിൽ നടന്നുവരികയാണ്. ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരി ച്ചുവരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. എം. ഉമ്മർ വളരെ പ്രധാ നപ്പെട്ട ഒരു കാര്യമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഓഡിറ്റ് യഥാസമയം നടക്കുകയും അത് സംബന്ധിച്ചിട്ടുള്ള റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് കൃത്യസമത്ത് വയ്ക്കുകയും ചെയ്യണം. ഇതിനെല്ലാം കാലതാമസം ഉണ്ടായിട്ടുണ്ട്. പി.എസ്.സി.യുടെ 2006–07 വർഷത്തെ വാർഷിക

ഭരണറിപ്പോർട്ടിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഏതെങ്കിലും ശുപാർശ ഗവൺമെന്റ് സ്വീകരിക്കാതെയിരിക്കുന്നുവെങ്കിൽ അതിന്റെ കാരണംകൂടി കാണിക്കണമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. 2006–07–ൽ സർക്കാർ ഉപദേശം സ്വീകരിക്കാതിരുന്ന ഏഴ് സന്ദർഭങ്ങളുണ്ട്. അതിന്മേൽ അഞ്ച് വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ആവശ്യമായിരുന്നു. 17–9–2007–ൽ ബന്ധപ്പെട്ട വകുപ്പുകളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. പക്ഷേ, കിട്ടിയത് 31–7–2013–ലാണ്. ആറു കൊല്ലത്തെ ഗ്യാപ്പാണ് ഒരു റിപ്പോർട്ട് ലഭിക്കുന്നതിൽ വന്നിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് ഗവർണ്ണർക്ക് അയച്ചുകൊടുത്ത് ഗവർണ്ണറുടെ അംഗീകാരത്തോടെ 19–2–2014–ൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കേണ്ടതാണ്. കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേകമായ നിർദ്ദേശം കൊടുക്കാം. ഒരു വിശദീകരണത്തിനുപോലും സാധിക്കാത്ത വിധത്തിലുള്ള ഡിലേ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ ഉണ്ടായിട്ടുണ്ട് എന്നുള്ളത് തുറന്നു സമ്മതിക്കുന്നു.

ശ്രീ. എൻ. കോലിയക്കോട് കൃഷ്ണൻ നായർ : സർ, റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലുള്ള കാലതാമസം സാധാരണയായി വരുന്നതാണ്. പക്ഷേ, ഓഡിറ്റ് ചെയ്യാൻ താമസിച്ചുപോയി. അല്ലെങ്കിൽ കണക്ക് എടുക്കാൻ പറ്റിയില്ല എന്നൊക്കെയുള്ള കാരണങ്ങൾ പറയുമ്പോൾ അതിനാവശ്യമായ ജീവനക്കാരെ കൊടുക്കണം. ആവശ്യത്തിന് സ്റ്റാഫില്ലെങ്കിൽ നൽകുമെന്ന് മുഖ്യമന്ത്രി പറയണം. സമയാസമയങ്ങളിൽ നൽകാനുള്ള റിപ്പോർട്ടുകൾ നൽകാത്തത് ഗവൺമെന്റിന്റെ പിടിപ്പുകേടാണ്. അത് സമ്മതിക്കാതെ

തരമില്ല. മേലാൽ കാലതാമസം ഉണ്ടാവുകയില്ല എന്നു പറഞ്ഞിട്ട് കാര്യമില്ല. ഇത് സാധാരണയായി സംഭവിക്കുന്നതാണ്.

## റൂളിംഗ്

## ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

മി. സ്പീക്കർ : ഇവിടെ ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞത് വളരെ ഗൗരവമുള്ളതാണെന്നാണ്. അതിന് ചില കാരണങ്ങൾ ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രിയും കാലതാമസം ഉണ്ടായത് എന്തു കൊണ്ടാണെന്നുള്ളത് സൂചിപ്പിച്ചു.

ഈ സമ്മേളന കാലത്ത് സഭയുടെ മേശപ്പുറത്തുവച്ച പല ബോർഡുകളുടെയും, ഭരണഘടനാ സ്ഥാപനങ്ങളുടെയും, കോർപ്പറേഷനുകളുടെയും ഭരണ റിപ്പോർട്ടുകൾ വളരെ വർഷങ്ങൾക്കു മുമ്പുള്ളതാണെന്നും അവ സമയത്ത് സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തതിനാൽ പ്രസ്തുത റിപ്പോർട്ടുകളിലുള്ള അപാകതകളും പോരായ്മകളും യഥാസമയം ചൂണ്ടിക്കാണിക്കുന്നതിനുള്ള അംഗങ്ങളുടെ അവസരം നഷ്ടപ്പെടുകയാണെന്നും ഇത്തരം റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിന് പരമാവധി കാലപരിധി നിശ്ചയിക്കണമെന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്ന പ്രശ്നം.

ചെയർ ഇക്കാര്യം പരിശോധിച്ചു. 2006-07 കാലയളവിലെ വാർഷിക റിപ്പോർട്ടുകൾപോലും ഇപ്പോഴാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് എന്നു കാണുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എല്ലാ വർഷവും അതിന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ഗവർണ്ണർക്ക് സമർപ്പിക്കണമെന്നും കമ്മീഷന്റെ ശുപാർശകൾ ഗവൺമെന്റ് സ്വീകരിക്കാതിരുന്നതിനുള്ള കാരണം കാണിക്കുന്നതിനുള്ള മെമ്മോറാണ്ടം സഹിതം ഗവൺമെന്റ് സഭയുടെ മേശപ്പുറത്ത് പ്രസ്തുത റിപ്പോർട്ട് വയ്ക്കണമെന്നും ഭരണഘടനയുടെ അനുച്ഛേദം 323(2) അനുശാസിക്കുന്നു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പദ്ധതി ഖണ്ഡിക 44 പ്രകാരം ബോർഡിന്റെ ഭരണ റിപ്പോർട്ടും വാർഷിക കണക്കും സാമ്പത്തിക വർഷം പൂർത്തിയായി ജൂലൈ 15-നുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുമാണ്. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, ആർട്ടിസാൻസ് ഡെവലപ്മെന്റ് ബോർഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവ കമ്പനി നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ട്, വാർഷിക ജനറൽ ബോഡി യോഗത്തിന് ശേഷം മൂന്ന് മാസത്തിനുള്ളിൽ തയ്യാറാക്കി കഴിവതും വേഗം നിയമസഭയിൽ വയ്ക്കണമെന്ന് 1956-ലെ കമ്പനി നിയമത്തിന്റെ 619(എ) വകുപ്പ് അനുശാസിക്കുന്നു. 2013-ലെ കമ്പനി നിയമത്തിലെ 395-ാം വകുപ്പിലും ഇതേ നിബന്ധന ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും സമയബന്ധിതമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ നിയമങ്ങളിൽ വ്യവസ്ഥ ഉണ്ടെങ്കിലും പലപ്പോഴും ഈ നിബന്ധനകൾ പാലിക്കുന്നതായി കാണുന്നില്ല. റിപ്പോർട്ടു

കൾ സഭയിൽ വയ്ക്കുവാൻ ഉണ്ടായ കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റുമെന്റോടുകൂടി അവ സഭയിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. യുക്തിസഹമല്ലാത്ത കാരണങ്ങളാണ് പലപ്പോഴും കാലതാമസത്തിനുള്ള കാരണമായി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുന്നത്. റിപ്പോർട്ടുകൾ സഭയിൽ വയ്ക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ എന്നും കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് തൃപ്തികരമാണോയെന്നും പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള ചുമതല മേശപ്പുറത്ത് വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയിൽ നിക്ഷിപ്തമാണ്. സമിതിയുടെ ഇടപെടൽമൂലം 21-12-2013-ൽ ധനകാര്യ വകുപ്പിൽ നിന്നും 105/2013/ധനകാര്യ നമ്പർ സർക്കുലറായി, കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ വകുപ്പുകൾ കർശനമായി പാലിക്കണമെന്നും സമയബന്ധിതമായി വാർഷിക റിപ്പോർട്ടുകളും കണക്കും സഭയിൽ വയ്ക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർ നിർദ്ദേശം നല്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.